# കേരളസർവകലാശാല

തിരുവനന്തപുരം

അസി. എൻജിനീയറുടെകാര്യാലയം,
ഹെഡ്ക്വാർട്ടേഴ്സ്സെക്ഷൻ,
തിരുവനന്തപുരം

17.07.2015

## മരംവില്പന ലേലപരസ്യം

കേരളസർവകലാശാലയുടെ സെനറ്റ്ഹാൾ കാമ്പസിൽ (തിരുവനന്തപുരം) എൻ.എസ്സ്. എസ്സ് വിഭാഗം കെട്ടിടത്തിനുമുന്നിലായി വീണുകിടക്കുന്ന പ്ളാവ്, കൊന്ന, ഗുൽമോഹർ എന്നീ മരങ്ങൾ 2015 ജൂലായ് 30-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 ന് അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽവച്ചു നടക്കുന്ന പരസ്യലേലം/ ക്വട്ടേഷൻ വ്യവസ്ഥയിൽ വില്പനനടത്തുന്നതാണ്. ലേലത്തിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ അന്നേദിവസം പ്രസ്തുതസ്ഥലത്ത് നേരിട്ട് ഹാജരായിതിരിച്ചറിയൽ കാർഡിന്റെ പകർപ്പും നിരതദ്രവ്യമായി 2200/- രൂപയ്ക്ക് അസി. എൻജിനീയർ, ഹെഡ്ക്വാർട്ടേഴ്സ് സെക്ഷന്റെ പേരിൽ ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റും ഹാജരാക്കി ലേലത്തിൽ പങ്കു കൊള്ളേണ്ടതാണ്.

പ്രസ്തുതത ടി വില്പനയ്ക്കുള്ള ക്വട്ടേഷനുകൾ 2015 ജൂലായ് 29 വൈകുന്നേരം 5 മണിവരെ ടി. ഓഫീസിൽ നേരിട്ടും തപാൽമാർഗ്ഗവും സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷനുകളോടൊപ്പം 2200/- രൂപയ്ക്കുള്ള നിരതദ്രവ്യം സമർപ്പിയ്ക്കേണ്ടതാണ് (ഡിമാന്റ് ഡ്രാഫ്റ്റായിമാത്രം). പ്രസ്തുത സമയത്തിനു ശേഷം ലഭിക്കുന്നതും നിരതദ്രവ്യം അടക്കം ചെയ്യാത്തതുമായ ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിനു മുകളിൽ **'മരംവില്പനയ്ക്കുള്ള ക്വട്ടേഷൻ'** എന്ന് എഴുതി അസി. എൻജിനീയർ, ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻ, യൂണിവേഴ്സിറ്റി ഓഫീസ്, തിരുവനന്തപുരം 695034 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. ലേലത്തിനുശേഷം ക്വട്ടേഷനുകൾ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം/ ക്വട്ടേഷൻ നൽകിയആളിന്റെ പേരിൽ രജിസ്ട്രാറുടെ അനുമതിയ്ക്കുവിധേയമായി ലേലം സ്ഥിരപ്പെടുത്തി നൽകുന്നതുമാണ്.

ഒന്നു മുതൽ മൂന്നുവരെ സ്ഥാനങ്ങളിലുള്ള ലേലക്കാരുടെ/ ക്വട്ടേഷൻ നൽകിയവരുടെ തൊഴികെയുള്ളവരുടെ നിരതദ്രവ്യം അപ്പോൾതന്നെ മടക്കി നൽകുന്നതും രണ്ടും മൂന്നും

സ്ഥാനക്കാരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ച് തുക യൂണിവേഴ്സിറ്റിയിൽ അടയ്ക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതുമായിരിക്കും. ലേലതുകയോടൊപ്പം/ ക്വട്ടേഷൻതുകയോടൊപ്പം നിയമാനുസരണമുള്ളവാറ്റ് (14.5% + 1%Cess) 5% വനവികസനനികുതി എന്നിവകൂടി ഒടുക്കേണ്ട താണ്. ലേലം സ്ഥിരപ്പെടുത്തികിട്ടുന്ന വ്യക്തി അറിയിപ്പ് തീയതി മുതൽ മൂന്നുദിവസത്തിനകം ലേലതുക യൂണിവേഴ്സിറ്റി ക്യാഷ് കൗണ്ടറിൽ അടച്ച് രസീത് വാങ്ങേണ്ടതും തടി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും സർവകലാശാല ഉദ്യോഗസ്ഥരുടെമേൽനോട്ടത്തിൽ തുക അടച്ച് മൂന്നു പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ നീക്കം ചെയ്യേണ്ടതാണ്. ലേലം സംബന്ധിച്ച് സർവകലാശാലയിലും സംസ്ഥാനത്തും നിലവിലുള്ള എല്ലാവ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും. തടി പരിശോധിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് 2015 ജൂലായ് 29വരെ പ്രവൃത്തിസമയത്ത് ഹാജരായി പരിശോധന നടത്താവുന്നതാണ്.

യാതൊരുകാരണവും കൂടാതെ ലേലം നിറുത്തിവയ്ക്കുന്നതിനും ലേലം/ ക്വട്ടേഷൻ നിരാകരിക്കുന്നിനുമുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ലേലസംബന്ധിയായ മറ്റു വിശദാംശങ്ങൾ ടി. ഉദ്യോഗസ്ഥന്റെ ഓഫീസിൽ നിന്നും പ്രവൃത്തിസമയങ്ങളിൽ ലഭ്യമാണ്.

അസി. എൻജിനീയർ,
ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻ,
തിരുവനന്തപുരം

പകർപ്പ്

1. രജിസ്ട്രാർ, കേരളസർവകലാശാല
2. യൂണിവേഴ്സിറ്റി എൻജിനീയർ,
3. പബ്ളിക് റിലേഷൻസ് ഓഫീസർ
4. അസി. എക്സി. എൻജിനീയർ, സബ് ഡിവിഷൻ
5. നോട്ടീസ്ബോർഡ്